# അബൂദർറ്

ഫൈസൽ കൊച്ചി

“ദാറ്റ് ഈസ് വൈ അയാം കീപ്പിംഗ് അലൂഫ് ഫ്രം ഓൾ ദ ഓർഗനൈസേഷൻസ്. നോക്കൂ... ഒരു ബിസിനസ്സുകാരനെന്ന നിലക്ക് എനിക്ക് എല്ലാവരെയും വേണം. ചായ്‌വും ചരിവും ഒന്നിനോടും നല്ലതല്ല. പ്രത്യേകിച്ചും നമ്മൾ പെട്ടെന്ന് ബ്രാന്റു ചെയ്യപ്പെടുന്ന കാലമാണ്. നിഷ്പക്ഷതയാണ് പുതിയ ലോകത്തിന്റെ പ്രത്യേകത. ‘ഉമ്മത്തുൻ വസത്തുൻ’ എന്നൊക്കെ പറയുന്നില്ലേ... ഐ മീൻ...”

അയാളുടെ വാക്കുകൾ കേട്ട് അബ്ദുർറഹ്മാൻ ഞെട്ടി. റമദാനിൽ കൈയിലുള്ള ധാരാളം പിരിവ് കടലാസുകളുമായിട്ടാണ് അബ്ദുർറഹ്മാൻ തിജാറത്ത് മാർക്കറ്റിംഗ് എം.ഡി അൻസാറിനെ കാണാൻ തീരുമാനിച്ചത്. ഗേറ്റിൽ വെച്ച് തന്നെ സെക്യൂരിറ്റി തടഞ്ഞു. പിന്നെ സെക്രട്ടറിയുടെ സംശയിച്ച നോട്ടവും ചോദ്യം ചെയ്യലും. ഒടുവിൽ കൂടിക്കാഴ്ചക്കുള്ള പത്തു മിനിറ്റ് തരപ്പെട്ടു കിട്ടി. മുകളിലെ നിലയിലെ ‘ആലമുൽ അർവാഹ്’ പോലെയുള്ള എം.ഡിയുടെ ശീതീകരിച്ച ഓഫീസ്. നിരത്തി വെക്കപ്പെട്ട കോപ്പകൾ.. ചാരുകസേരകൾ... തലയിണകൾ.. ചിരിക്കാത്ത മുഖവുമായി അയാൾ.

അൻസാർ അനാഥനായിരുന്നു. പത്താംതരം പാസ്സായപ്പോൾ കുഞ്ഞഹമ്മദ് സാഹിബാണ് അവനെ ഒരു ഇസ്‌ലാമിയാ കോളേജിലെത്തിച്ചത്. പഠനം പൂർത്തിയായില്ല. ഗൾഫിലേക്ക് ചേക്കേറി. ഗൾഫിലെത്താനും സഹായിച്ചത് കുഞ്ഞഹമ്മദ് സാഹിബ്. കച്ചവടത്തിൽ വിജയിച്ചു. കാശുകാരനായി. പലതും മറന്നു. അതുകൊണ്ടാണല്ലോ ഒരേ ബെഞ്ചിലിരുന്ന് ‘ഫഅല ഫഅലാ ഫഅലൂ’ ഓതിപ്പഠിച്ച അബ്ദുർറഹ്മാനെ അയാൾക്ക് ഓർമയില്ലാത്തത്. അതിനിടയിൽ കുഞ്ഞഹമ്മദ് സാഹിബ് മരിച്ചു. കണ്ണീരും കഷ്ടപ്പാടുമായി അയാളുടെ ഭാര്യയും രണ്ട് പെൺകുട്ടികളും. പക്ഷേ അവരെയൊന്നും അയാൾക്ക് ഓർമയുണ്ടാകാൻ വഴിയില്ല.

റമദാനിലെ സകാത്ത്-സ്വദഖകളെക്കുറിച്ച് ഓർമിപ്പിച്ചപ്പോൾ അയാൾ പറഞ്ഞു: “കമ്പനിയുടെ അക്കൗണ്ടിൽനിന്നും എന്തെങ്കിലും നൽകാനാകുമോയെന്ന് ഞാനൊന്ന് ആലോചിക്കട്ടെ. ഒരാഴ്ച കഴിഞ്ഞ് വരൂ. നൗ അയാം വെരി ബിസി... പ്ലീസ്”

മുഖത്തടിച്ചതുപോലെ വാതിലടഞ്ഞു.

ളുഹ്റിന് അബ്ദുർറഹ്മാനും അൻസാറും ഒരേ സ്വഫ്ഫിലാണ് നമസ്കരിച്ചത്. എന്നിട്ടും അയാൾക്ക് കണ്ട ഭാവമില്ല. നമസ്കാരം കഴിഞ്ഞപ്പോൾ പള്ളിയിൽ ഒരാളുടെ റമദാൻ പ്രഭാഷണമുണ്ടായിരുന്നു.

‘ഗിഫാർ ഗോത്രക്കാരനായിരുന്നു അബൂദർറ്. മക്കയിൽ വന്നു. നബിയെ കണ്ടു. ഇസ്‌ലാം സ്വീകരിച്ചു. ഗിഫാർ ഗോത്രക്കാർക്കിടയിൽ ഇസ്‌ലാമിന്റെ പ്രചാരണത്തിന് പ്രയത്നിക്കാൻ നബി പറഞ്ഞു. പോകുന്ന വഴിയിൽ കഅ്ബയുടെ പരിസരത്ത് ഖുറൈശി നേതാക്കളെ കണ്ടു. അബൂദർറിന്റെ രക്തം തിളച്ചു. ഉച്ചത്തിൽ കലിമത്തുത്തൗഹീദ് ഉച്ചരിച്ചു. ഖുറൈശി നേതാക്കൾ മർദിച്ചവശനാക്കി. എങ്ങനെയാണ് നാട്ടിൽ തിരിച്ചെത്തിയതെന്ന് അബൂദർറിന് ഓർമയുണ്ടായിരുന്നില്ല. അടുത്ത വർഷം അദ്ദേഹം നബിയുടെ അടുത്ത് വന്നത് ഇസ്‌ലാം സ്വീകരിച്ച ആബാലവൃദ്ധം ജനങ്ങളുമായാണ്. അദ്ദേഹം പണക്കാരോട് എപ്പോഴും ഓതാറുള്ള ആയത്ത് സൂറത്തുത്തൗബയിലേതാണ്... ചരിത്രം കേട്ടുക്കൊണ്ടിരിക്കെ തിജാറത്ത് കോർപ്പറേഷൻ എം.ഡി ഉറക്കത്തിലായി. ഞെട്ടി എഴുന്നേറ്റപ്പോഴേക്കും എല്ലാവരും പ്രാർഥനയിലായിരുന്നു. തിരിച്ച് ഓഫീസിലെത്തിയപ്പോഴാണ് റമദാൻ പ്രഭാഷകൻ ഓതിയ ആയത്ത് അറിയണമെന്ന് തോന്നിയത്.

ബെല്ലടിച്ചപ്പോൾ ഓടിവന്നത് സെക്രട്ടറി മിസ് നിനാകുമാരി.

‘ഈസ് ദേർ എനി മുസ്ഹഫ് ഹിയർ...?’

“സാർ... മുസ്ഹഫ്! വാട്ട് ഡു യു മീൻ... ഹിയർ വീ ഹാവ് ‘തിയറീസ് ഓഫ് ബിസിനസ്’ ആന്റ് കാനൻസ് ഓഫ് വിക്ടറി’. നോ മുസ്ഹഫ് സർ...”

നോമ്പു തുറക്കാൻ വീട്ടിലെത്തിയതും ഖുർആൻ പരതി. ആയത്ത് കണ്ടുപിടിച്ചു.

‘സ്വർണവും വെള്ളിയും കൂട്ടിവെക്കുകയും അവ ദൈവികമാർഗത്തിൽ ചെലവഴിക്കുകയും ചെയ്യാത്തവരെ, വേദനയേറിയ ശിക്ഷയുടെ സുവാർത്തയറിച്ച് കൊൾക. അതേ സ്വർണവും വെള്ളിയും നരകാഗ്നിയിൽ പഴുപ്പിക്കുകയും അനന്തരം അതുകൊണ്ട് അവരുടെ നെറ്റികളും പാർശ്വങ്ങളും മുതുകുകളും ചൂട് വെക്കപ്പെടുകയും ചെയ്യുന്ന ഒരു ദിവസം വരുന്നുണ്ട്’.

അന്നു രാത്രി അയാൾ നിശ്ശബ്ദനായിരുന്നു.

അടുത്ത ദിവസം രാവിലെ അയാൾ അബ്ദുർറഹ്മാനെ തേടി യാത്രയായി. വീട് തെരഞ്ഞു പിടിച്ചു കണ്ടതും അയാളെ ആശ്ലേഷിച്ചു. അബ്ദുർറഹ്മാന് ഒന്നും മനസ്സിലായില്ല.

അയാൾ കനമുള്ള ഒരു കവർ അബ്ദുർറഹ്മാന്റെ കൈയിലേൽപിച്ചു.

“സകാത്ത് സ്വദഖകളിലേക്കുള്ള എന്റെ വിഹിതമാണ്.”

യാത്ര പറഞ്ഞിറങ്ങാൻ നേരത്ത് അയാൾ വിളിച്ചു: “അബ്ദുർറഹ്മാൻ. ഇന്നലെ രാത്രി ഞാൻ അബൂദർറിനെ സ്വപ്നം കണ്ടു. മരണാസന്നനായി മരുഭൂമിയിൽ. അടുത്ത് ഭാര്യ മാത്രം. ഭാര്യയെ അബൂദർറ് സമാധാനിപ്പിക്കുന്നുണ്ടായിരുന്നു.”

ഇന്നലെ തന്നെ കണ്ടതായി ഭാവിക്കാതിരുന്ന തിജാറത്ത് മാർക്കറ്റിംഗ് എം.ഡി അൻസാർ പരസ്പര ബന്ധമില്ലാതെ സംസാരിക്കുന്നതുപോലെ അബ്ദുർറഹ്മാന് തോന്നി.

“അബ്ദുർറഹ്മാൻ, വേണമെങ്കിൽ അബൂദർറിന് ഒരു ഗവർണർ സ്ഥാനം കിട്ടുമായിരുന്നില്ലേ. മറുപടി പറയേണ്ടി വരുമെന്നുള്ള ചിന്തയല്ലേ അദ്ദേഹത്തെ മരുഭൂമിയിലെത്തിച്ചത്?!” ■